**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1780** **09-12-2022 - ൽ മറുപടിയ്ക്ക്**

**കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>(I) സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 28 കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.<br><br>(ii) നബാർഡിന്റെ സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്-27 പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 കൃഷിഭവനുകളെ കൂടി സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ടി പദ്ധതി കെ.എൽ.ഡി.സി. മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. |
| (ബി) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവനായി തെരഞ്ഞെടുത്ത കൃഷിഭവൻ ഏതാണെന്നും എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് സ്മാർട്ട് കൃഷിഭവനിൽ ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും അമ്പലപ്പുഴ വടക്ക് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം.<br><br>സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1.പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കുകയും അടിസ്ഥാന വിവരങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്യുക.<br><br>2. വിള ആരോഗ്യ ക്ലിനിക്കും ബയോ ഫാർമസിയും.<br><br>3. കൃഷിഭവനുകളിൽ IT അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.<br><br>4.കൃഷിഭവനുകളെ കടലാസ് രഹിത അത്യാധുനിക ഓഫീസുകളാക്കി മാറ്റുക.<br><br>5.സ്മാർട്ട് കാർഡ് സംവിധാനം.<br><br>6.കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.<br><br>7.കൃഷിഭവനുകളുടെ നവീകരണം.<br><br>8.വിവിധ ഉത്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള IT സംവിധാനം.<br><br>9.ആധുനിക വിപണന സംഭരണ സംവിധാനം.<br><br>10.കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ. |
| (സി) | കാർഷിക സേവനങ്ങൾ കർഷക സൗഹൃദമാക്കുന്നതിനും കാർഷികോല്പാദന വിപുലീകരണത്തിനും സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | കാർഷിക സേവനങ്ങൾ കർഷക സൗഹൃദമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1.കൃഷിഭവനുകളെ കർഷക സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിനും സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനുമായി "സ്മാർട്ട് കൃഷിഭവൻ പദ്ധതി" വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്മാർട്ട് കൃഷിഭവനുകളോട് അനുബന്ധിച്ച് നിലവിൽ വരുന്ന അഗ്രോ സർവീസ് സെന്ററുകളും, സസ്യാരോഗ്യ ക്ലിനിക്കുകളും കർഷകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് പര്യാപ്തമാകും.<br><br>2.കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ മുഖാന്തിരവും, പ്രധാനപ്പെട്ട പദ്ധതികളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ഓൺലൈനായി കർഷകർക്ക് നൽകി വരുന്നു.<br><br>3.കാർഷികോത്പാദനം വർധിപ്പിക്കുന്നതിനു ചുവടെ ചേർക്കുന്ന വിവിധ പദ്ധതികൾ കൃഷി വകുപ്പ് വിഭാവനം ചെയ്തു നടപ്പിൽ വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1.തെങ്ങു കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി ആരംഭിച്ച കേരഗ്രാമം പദ്ധതി<br><br>2. നെൽകൃഷി വികസന പദ്ധതി<br><br>3.പച്ചക്കറി കൃഷി വികസന പദ്ധതി<br><br>4. ഒരു കോടി ഫല വൃക്ഷ തൈകളുടെ വിതരണം<br><br>5. പുനഃക്രമീകരിച്ച വിള ഇൻഷുറൻസ് പദ്ധതി പ്രകാരം, പ്രീമിയം തുകയിൽ വർദ്ധനവ് വരുത്താതെ തന്നെ, വിള നാശത്തിനുള്ള നഷ്ടപരിഹാര തുക വർധിപ്പിച്ചു കൊണ്ടുള്ള പദ്ധതി.<br><br>6.ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, നാടൻ വിത്തിനങ്ങളുടെ ജൈവ വൈവിധ്യവത്ക്കരണവും പ്രോത്സാഹനവും, ജൈവകൃഷിയും, ഉത്തമകൃഷി മുറകളും, വിള ആരോഗ്യ പരിപാലനം തുടങ്ങിയ പദ്ധതികളും സംസ്ഥാനത്തെ കാർഷികോത്പാദന വിപുലീകരണത്തിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ ആണ്.<br><br>7. 2022-23 വർഷത്തിൽ പുതുതായി ആരംഭിച്ച, ഫാം പ്ലാൻ അധിഷ്ഠിത കാർഷിക വികസന പദ്ധതി കാർഷികോത്പാദന വിപുലീകരണം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള ഏറ്റവും പുതിയ പദ്ധതിയാണ്. കൃത്യമായ കൃഷിയിട ആസൂത്രണത്തിലൂടെ, സംയോജിത കൃഷി രീതികൾ, ഉത്പാദനോപാധികളുടെ ഫലപ്രദവും കാര്യക്ഷമവുമായ ഉപയോഗം, ലേബർ മാനേജ്മെന്റ് എന്നിവയിലൂടെയും, കൂട്ടായ വിപണന, വിനിമയ സങ്കേതങ്ങളിലൂടെയും ഉത്പന്നങ്ങൾക്ക് വിപണിയും വിലസ്ഥിരതയും ഉറപ്പാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ